ആസ്ഥാനകാര്യാലയം,
ജയിൽ വകുപ്പ്, കേരളം
പൂജപ്പുര, തിരുവനന്തപുരം

0471-2342532 keralaprisons@gov.in

നടപടികൾ

വിഷയം : ജയിലുകൾ - ആസ്ഥാനകാര്യാലയം – ജീവനക്കാര്യം - **16**-ാം കേരള നിയമസഭയുടെ മൂന്നാം സമ്മേളനം - ജയിൽ ആസ്ഥാനകാര്യാലയത്തിൽ എൽ.എ. സെൽ രൂപീകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം: ആഭ്യന്തര (പി.എസ്) വകുപ്പിന്റെ **21.11.2026** തീയതിയിലെ നം. **PS/138/2026**-ആഭ്യന്തരം കത്ത്

ഉത്തരവ് നമ്പർ: KPCS/6290/2026/E8; തീയതി: 23-11-2026

16-ാം കേരള നിയമസഭയുടെ മൂന്നാം സമ്മേളനം **30.11.2026** മുതൽ **10.12.2026** വരെ നടക്കുന്ന വിവരം പരാമർശിത കത്ത് പ്രകാരം അറിയിച്ചിരിക്കുന്നു. ജയിൽ വകുപ്പിൽ നിന്നും നിയമസഭാ ചോദ്യങ്ങൾക്കുള്ള മറുപടി സമയബന്ധിതമായി നൽകുന്നതിനായി ഡിഐജി ഓഫ് പ്രിസൺസ് **(HQ)**, ശ്രീ. ബി. ദിനേശിന്റെ മേൽനോട്ടത്തിൽ ചുവടെ ചേർക്കുന്ന ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തിക്കൊണ്ട് ജയിൽ ആസ്ഥാനകാര്യാലയത്തിൽ എൽ.എ. സെൽ രൂപീകരിച്ച് ഉത്തരവാകുന്നു.

1. ശ്രീമതി. ജിഷ എസ്.വി., പ്രോഗ്രാം ഓഫീസർ
2. ശ്രീമതി. പ്രീത വി.എസ്., ചീഫ് ആഡിറ്റ് ഓഫീസർ
3. ശ്രീമതി. കൃഷ്ണജ കെ., പി.എ ടു ഡിജിപി **&** സി.എസ്.
4. ശ്രീമതി.റീസ, അക്കൗണ്ട്സ് ഓഫീസർ
5. ശ്രീമതി. സുമ സി., സീനിയർ സൂപ്രണ്ട്, ജനറൽ സെക്ഷൻ
6. ശ്രീമതി. മാന്യ എം.സി., സീനിയർ സൂപ്രണ്ട്, ഇൻസ്പെക്ഷൻ വിംഗ്
7.ശ്രീമതി. ഷൈനി.ജി, സീനിയർ സൂപ്രണ്ട്, പ്ലാനിംഗ് സെക്ഷൻ
7. ശ്രീ. സമീർ എം., ജൂനിയർ സൂപ്രണ്ട്, എസ്റ്റാബ്ലിഷ്മെന്റ് സെക്ഷൻ
8. ശ്രീ കൃഷ്ണകുമാർ എസ്, ജൂനിയർ സൂപ്രണ്ട്, ജനറൽ സെക്ഷൻ.
9. ശ്രീ. രാഹുൽ എസ്., ജൂനിയർ സൂപ്രണ്ട്, അക്കൌണ്ട്സ് സെക്ഷൻ

10. ശ്രീ. പ്രമോദ് കുമാർ കെ., ഫെയർകോപ്പി സൂപ്രണ്ട്

2. അതത് സെക്ഷനുകളിലെ സൂപ്രണ്ടുമാർ ഡ്യൂട്ടിക്കായി നിയോഗിക്കുന്ന ക്ലർക്കിന്റെ പേരുവിവരങ്ങൾ പി.എ. ടു ഡി.ജി.പി. & സി.എസ്.-ന് മുൻകൂട്ടി ലഭ്യമാക്കേണ്ടതാണ്. ഫെയർ കോപ്പി സൂപ്രണ്ട്, എൽ.എ. ഡ്യൂട്ടിക്കായി നിയോഗിക്കുന്ന ടൈപ്പിസ്റ്റ്, ഡ്രൈവർ-മെസഞ്ചർ, ഓഫീസ് അറ്റൻഡന്റ് എന്നിവരുടെ പേരുവിവരങ്ങൾ നൽകേണ്ടതാണ്.

3. മുകളിൽ സൂചിപ്പിച്ച നിയമസഭാ സമ്മേളന കാലയളവിൽ വൈകുന്നേരം **6.00** മണി വരെ ഓരോ സെക്ഷനിൽ നിന്നും ഒരു ക്ലർക്ക് വീതം ഡ്യൂട്ടിയിൽ തുടരേണ്ടതാണ്. കൂടാതെ ഒരു ടൈപ്പിസ്റ്റ്, ഒരു ഡ്രൈവർ-മെസഞ്ചർ, ഒരു ഓഫീസ് അറ്റൻഡന്റ് എന്നിവരെയും ഡ്യൂട്ടിക്കായി നിയോഗിക്കേണ്ടതാണ്.

1. ജനറൽ സെക്ഷൻ – **30.11.2026** മുതൽ **01.12.2026** വരെ
2. എസ്റ്റാബ്ലിഷ്മെന്റ് സെക്ഷൻ – **02.12.2026** മുതൽ **04.12.2026** വരെ
3. പ്ലാനിംഗ് സെക്ഷൻ – **05.12.2026** മുതൽ **06.12.2026** വരെ
4. അക്കൗണ്ട്സ് സെക്ഷൻ – **07.12.2026** മുതൽ **08.12.2026** വരെ
5. ഇൻസ്പെക്ഷൻ സെക്ഷൻ – **09.12.2026** മുതൽ **10.12.2026** വരെ

4. സെക്ഷൻ അടിസ്ഥാനത്തിലുള്ള ഡ്യൂട്ടി ക്രമീകരണം

(i) നിയമസഭാ സമ്മേളന കാലയളവിൽ അടിയന്തര സാഹചര്യങ്ങളിലല്ലാതെ അവധി അനുവദിക്കുന്നതല്ല. അനിവാര്യ സാഹചര്യങ്ങളിൽ മേലധികാരിയുടെ മുൻകൂർ അനുമതിയും ആവശ്യമായ ജോലി ക്രമീകരണങ്ങളും ഉറപ്പാക്കിയ ശേഷമേ അവധി അനുവദിക്കാവൂ.

(ii) ജയിൽ ആസ്ഥാനകാര്യാലയത്തിൽ നിന്നും വിവിധ ജയിൽ സ്ഥാപനങ്ങളിലേക്ക് അയയ്ക്കുന്ന നിയമസഭാ ചോദ്യങ്ങളും, സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന മറുപടികളും സമയബന്ധിതമായി ശേഖരിച്ച് ബന്ധപ്പെട്ട സെക്ഷനുകൾക്ക് കൈമാറുന്നതിനുള്ള ചുമതല സ്റ്റേറ്റ് പ്രിസൺ കൺട്രോൾ റൂമിന് ആയിരിക്കും.

S Sreejith IPS
DIRECTOR GENERAL

സ്വീകർത്താവ്: ജയിൽ ആസ്ഥാനകാര്യാലയത്തിലെ എല്ലാ ഉദ്യോഗസ്ഥർക്കും

പകർപ്പ്: . സ്റ്റേറ്റ് പ്രിസൺ കൺട്രോൾ റൂം

Digitally signed by Dinesh Bhagavathi Pillai
Date: 23-11-2026 13:05:50